# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*157     06/02/2019-ൽ മറുപടിക്ക്

**ലക്ഷ്യ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| (എ) ദേശീയതലത്തിൽ മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി നടപ്പിലാക്കി വരുന്ന ലക്ഷ്യ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമാക്കി-യിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളിലെ പ്രസവ മുറികളും ഓപ്പറേഷൻ തീയേറ്ററുകളും നവീകരിക്കുന്ന പദ്ധതി ഏതൊക്കെ ആശുപത്രികളിൽ ആരംഭിച്ചുവെന്ന് അറിയിക്കാമോ; | ബി) 27 ആശുപത്രികളാണ് ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പ്രസവ മുറികളും ഓപ്പറേഷൻ തീയറ്ററുകളും നവീകരിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളത്. അതിൽ 21 പദ്ധതികൾക്ക് ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 6 പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| സി) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് ഹൈഡിപ്പൻഡന്റ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്; ഇതിന്റെ ഭാഗമായി ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്ക് പരിശീലന പരിപാടി | സി) 10 ആശുപത്രികളാണ് ഹൈഡിപ്പന്റഡ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളത്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്ക് പരിശീലനപരിപാടികൾ ജില്ലതോറും നടപ്പിലാക്കി വരുന്നു. ഹൈഡിപെൻഡന്റ് യൂണിറ്റുകൾ ആരംഭിക്കുന്ന ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട് |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു)<br>2. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കൊല്ലം (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു)<br>3. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു)<br>4. മെഡിക്കൽ കോളേജ്, ആലപ്പുഴ (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു)<br>5. മെഡിക്കൽ കോളേജ്, കോട്ടയം (പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി കൊടുത്തു)<br>6. മെഡിക്കൽ കോളേജ്, തൃശ്ശൂർ (പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി കൊടുത്തു)<br>7. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു)<br>8. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ട്പറമ്പ്, കണ്ണൂർ (പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി കൊടുത്തു.)<br>9. ജില്ലാ ആശുപത്രി , മാനന്തവാടി, വയനാട് (ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു)<br>10. ഐ എം സി എച്ച് കോഴിക്കോട് (ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു) |

സെക്ഷൻ ഓഫീസർ